# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 35

27.09.2011-ൽ മറുപടിക്ക്.

## വ്യവസായിക നിക്ഷേപം കൊണ്ടുവരുന്നതിന് പദ്ധതികൾ

**ചോദ്യം**

ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.എ. മാധവൻ :

(എ) സംസ്ഥാനത്ത് കൂടുതൽ വ്യവസായിക നിക്ഷേപം കൊണ്ടുവരുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിക്കുമോ ;

(ബി) പുതിയ വ്യവസായ നയത്തിന് രൂപം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നേയ്ക്ക് രൂപം നൽകാനാണ് ഉദ്ദേശിക്കുന്ന--തെന്ന് അറിയിക്കുമോ ;

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി)

(എ) കേരളത്തിൽ കൂടുതൽ വ്യവസായിക നിക്ഷേപം കൊണ്ടുവരുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വ്യവസായ, ഐ.റ്റി, ടൂറിസം, സെസ്സ്, തൊഴിൽ നയങ്ങൾ രൂപീകരിച്ചു വരുന്നു. ഇവയുടെ കരട് രൂപം തയ്യാറായിട്ടുണ്ട്. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ (പി.പി.പി) കൂടുതൽ പദ്ധതികൾ സംസ്ഥാനത്ത് കൊണ്ടുവരുന്നതി--നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പി.പി.പി പദ്ധതികൾക്ക് വേഗത കൂട്ടുന്നതിന് സർക്കാർ മുൻകൈയെടുക്കുകയും ഇതുമൂലം കൂടുതൽ നിക്ഷേപവും തൊഴിലവസരവും സംസ്ഥാനത്ത് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റുവാനായി സ്വീകരിച്ചിരിക്കുന്ന നടപടികളുടെ ഭാഗമായി 2012 ഏപ്രിൽ മാസം 19, 20, 21 എന്നീ തീയതികളിൽ കൊച്ചിയിൽ 'എമർജിംഗ് കേരള' എന്ന നിക്ഷേപക സംഗമം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇന്ത്യയ്ക്കകത്തും പുറത്തും വിവിധ മേഖലയിലെ നിക്ഷേപകരെ ആകർഷിക്കുന്നതി--നുവേണ്ടി റോഡ് ഷോകൾ നടത്താനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരികയാണ്.

(ബി) പുതിയ കരട് വ്യവസായ നയം തയ്യാറായിട്ടുണ്ട്.

(തുടർച്ച.....2)

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രധാന വ്യവസായ സംരംഭങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

(സി)

1) കേന്ദ്ര സർക്കാർ സ്ഥാപനമായ ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡും KSIDC-യുമായി ചേർന്ന് ഒരു ജോയിന്റ് വെഞ്ചർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ, ഗ്യാസ് ട്രെയിനിംഗ് സെന്റർ, ഗ്യാസ് അധിഷ്ഠിത വൈദ്യുതി നിലയങ്ങൾ, പ്രകൃതിവാതക പൈപ്പ് ലൈൻ എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

2) കോഴിക്കോട് ബേപ്പൂരിൽ കേന്ദ്ര പ്രതിരോധ വകുപ്പിന്റെ കീഴിൽ അന്തർവാഹിനി രൂപകൽപ്പന കേന്ദ്രം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

3) കേന്ദ്ര പ്രതിരോധ വകുപ്പിന്റെ സഹായത്തോടെ ഓർഡനൻസ് ഫാക്ടറി സ്ഥാപിക്കുവാനുള്ള ചർച്ചകൾ പുരോഗമിക്കുന്നു.

4) കുദ്രേമുഖ് അയൺ ഓർ കമ്പനിയുടെ സഹായത്തോടെ കാസർഗോഡ് ഇരുമ്പയിര് ബനിഫിഷിയേഷൻ പ്ലാന്റ്, കൊല്ലത്ത് ചവറയിൽ ഡിഫൻസ് മെറ്റലർജിക്കൽ ആന്റ് റിസർച്ച് ലാബറട്ടറിയുടെ സാങ്കേതിക സഹായത്തോടെ ടൈറ്റാനിയം സ്പോഞ്ച് പ്ലാന്റ് നിർമ്മിക്കുന്നതിനുമുള്ള ചർച്ചകൾ നടന്നു വരുന്നു.

കിൻഫ്രയും കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള ദേശീയ താപ വൈദ്യുത കോർപ്പറേഷനുമായി (NTPC) ചേർന്ന് ആരംഭിച്ച സംയുക്ത സംരംഭമാണ് KINESCO. കിൻഫ്ര-യുടെ വിവിധ വ്യവസായ പാർക്കുകളിൽ വൈദ്യുതി വിതരണം നടപ്പിലാക്കുക എന്നതാണ് പ്രസ്തുത കമ്പനിയുടെ മുഖ്യ ലക്ഷ്യം. ഇതു പ്രകാരം കിൻഫ്ര പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് നടപ്പിലാക്കി വരുന്ന കിൻഫ്ര ഇൻഡഗ്രേറ്റഡ് ഇൻഡസ്ട്രീയൽ & ടെക്സ്റ്റൈൽ പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങളിൽ ഒന്നായ വൈദ്യുതി വിതരണത്തിന്റെ ലൈസൻസി KINESCO ആണ്.

**സെക്ഷൻ ഓഫീസർ**